# ജിഎസ്ടി : വിലകയറ്റത്തിലേക്കും, സാമ്പത്തികമുരടിപ്പിലേക്കും നയിക്കുന്നു

ഡോ. ബി. എ. പ്രകാശ്

വലിയ പ്രതീക്ഷയോടെയാണ് ജിഎസ്ടി അഥവാ ചരക്കു സേവന നികുതി രാജ്യത്ത് ജൂലൈ ഒന്നാം തീയതി മുതൽ നടപ്പിലാക്കിയത്. ഇത് മൂലം നിലവിലെ പല പരോക്ഷ നികുതികൾ ഒരു നികുതിയായി മാറുകയും, നികുതി നിരക്കുകൾ കുറയുന്നത് മൂലം പൊതുവിൽ ഉൽപ്പന്നങ്ങളുടെ വില കുറയുമെന്നും, ചെക്ക് പോസ്റ്റുകളിലെ തടസ്സങ്ങൾ മാറി, ചരക്ക് നീക്കം വേഗത്തിലായി, രാജ്യം ഒറ്റ വിപണിയാവുമെന്നും, നികുതി ഭരണം സുതാര്യവും, ലളിതമാകുമെന്നും പ്രതീക്ഷിച്ചിരുന്നു. ആദ്യത്തെ ഒരുമാസകാലത്ത് സാമ്പത്തിക മേഖലകളിൽ അനുഭവപ്പെട്ട മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ ജിഎസ്ടി സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിശോധിക്കുന്നു.

പ്രതീക്ഷിച്ചതുപോലെ സാധനങ്ങളുടെ വിലയിൽ കുറവുണ്ടായിട്ടുണ്ടോയെന്നു പരിശോധിക്കാം. ജിഎസ്ടി നടപ്പിലാക്കി ഒരുമാസം കഴിയുമ്പോൾ ജിഎസ്ടി യുടെ പരിധിയിൽ വരുന്ന ഏതാണ്ട് എല്ലാ ഉൽപ്പന്നങ്ങളുടെയും വിലയിൽ വർധനവാണ് ഉണ്ടായത്. കാറുകൾ, ടൂത്ത്പേസ്റ്റ്, പാൽപൊടി, വാഷിംഗ് പൌഡർ തുടങ്ങിയവയുടെ വിലയൊഴിച്ച് മറ്റൊരുൽപ്പന്നത്തിന്റെയും വിലയിൽ കുറവുണ്ടായിട്ടില്ല. ജിഎസ്ടി യിൽ പ്രഖ്യാപിച്ച നികുതി നിരക്കുകൾ ഉൽപ്പന്നങ്ങളുടെ നിലവിലുള്ള വിലയുടെകൂടെ അധികമായി കൂട്ടുന്ന പ്രവണതയാണ് പൊതുവിൽ കണ്ടത്. (1). ഇടത്തരം ഹോട്ടലുകൾ എല്ലാം 12 ശതമാനം നികുതി അധികമായി ചേർത്ത് ഭക്ഷണത്തിന്റെ വില നിശ്ചയിച്ചു. എന്നാൽ സംസ്ഥാന സർക്കാർ ഇടപെട്ടതുമൂലം ചില ഹോട്ടലുകൾ 5 ശതമാനം കുറവുവരുത്തി. എന്നാൽ നല്ലൊരുശതമാനം ഹോട്ടലുകൾ 12 ശതമാനം അധിക വില ഇപ്പോഴും ഈടാക്കുന്നു. (2). ഇറച്ചികോഴിയുടെ വാറ്റിൽ 14.5% കുറവുണ്ടായ സാഹചര്യത്തിൽ കോഴി, കിലോയ്ക്ക് 87 രൂപയ്ക്ക് വിൽക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം ഒരിടത്തും നടപ്പിലായില്ല. ഇതിന്റെ ഇപ്പോഴുള്ള വില 110 മുതൽ 135 വരെയാണ്. (3). സംസ്ഥാന സർക്കാർ വിലകുറയുമെന്നു പ്രഖ്യാപിച്ച 100 ഓളം ഉൽപ്പന്നങ്ങളിൽ മുക്കാൽ പങ്കിനും ഇതുവരെ വില കുറഞ്ഞിട്ടില്ല. ജി.എസ്.ടി പ്രകാരം പുതിയ വില അച്ചടിച്ചു വന്നപ്പോൾ പഴയ വില അതേപോലെ നിലനിർത്തി. (4). ആട്ട, മൈദ തുടങ്ങിയ ധാന്യപ്പൊടികൾക്ക് ആറു ശതമാനവും, പഞ്ചസാരയ്ക്ക് നാല് ശതമാനവും, തേയില, വെളിച്ചെണ്ണ, നല്ലെണ്ണ, എള്ളെണ്ണ എന്നിവയ്ക്കും, ഏലം, ഗ്രാമ്പൂ, കറുവാപ്പട്ട എന്നിവയ്ക്കും മൂന്ന് ശതമാനം വിലക്കുറവുണ്ടാകുമെന്നു സർക്കാർ പറഞ്ഞിരുന്നു. എന്നാൽ ഇവയുടെ വിലയിൽ യാതൊരു കുറവും ഉണ്ടായില്ല. (5). നിർമ്മാണസാമഗ്രികളായ സിമിന്റ്, മാർബിൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയവയുടെ വിലയും വർദ്ധിച്ചു. ജി.എസ്.ടി വരുമ്പോൾ മാർബിളിന് ഒന്നരശതമാനം കുറയുമെന്ന് കണക്കാക്കിയ സ്ഥാനത്ത് 12 ശതമാനം വില വർധനവാണ് ഉണ്ടായിട്ടുള്ളത്. (6). പായ്ക്ക് ചെയ്ത ധാന്യങ്ങൾ, ഭക്ഷ്യ വസ്തുക്കൾ, ആട്ട, മൈദ, അച്ചാർ തുടങ്ങിയവയുടെ ജി.എസ്.ടി നിരക്ക് 12 ശതമാനമായി വർദ്ധിച്ചു. ഇപ്പോൾ ഇത്തരം ഭക്ഷണ വസ്തുക്കളിൽ നല്ലൊരു ശതമാനം വിൽക്കുന്നത് പായ്ക്കറ്റുകളായിട്ടാണ്. തന്മൂലം അവയുടെ വിലയും വർദ്ധിച്ചു. മാത്രമല്ല ഇവ ഉത്പാദിപ്പിക്കുന്ന ചെറുകിട വ്യവസായത്തെയും ഇത് പ്രതിസന്ധിയിലാക്കി. (7). കമ്പ്യൂട്ടർ, പ്രിന്റർ, മഷി, മറ്റ് ഉപകരണങ്ങൾ തുടങ്ങിയവയുടെ ജി.എസ്.ടി 28 ശതമാനമായി വർധിച്ചത് ഈ മേഖലയിലെ ചെലവിൽ വൻവർധനയുണ്ടാക്കി.

ജിഎസ്ടി മൂലം സംസ്ഥാനത്തെ പല വ്യവസായങ്ങളും പ്രതിസന്ധിയിലേക്ക് നീങ്ങുന്നുവെന്നു റിപ്പോർട്ടുകൾ ഉണ്ട്. (1). പ്ലൈവുഡ് വ്യവസായത്തിലെ ജിഎസ്ടി 16.5% ൽ

നിന്ന് 28% മായി ഉയർത്തിയത് മൂലം കേരളത്തിലെ നാനൂറോളം ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രതിസന്ധിയിലാണ്. (2). 9% നികുതിയിൽ നിന്ന് 28% നികുതിയിലേക്ക് ഉയർത്തിയത് മൂലം 1200 ഓളം വരുന്ന ഹൌസ് ബോട്ടുകൾ പ്രതിസന്ധിയിലാണ്. (3). മത്സ്യബന്ധനസമഗ്രികളായ വല നെയ്യാൻ ഉപയോഗിക്കുന്ന നൂൽ, വല, ചൂണ്ട, റോപ്പ്, ഐസ് ബോക്സ്, ഔട്ട് ഡോർ എഞ്ചിൻ എന്നിവയിലെ നികുതി വർധനം മത്സ്യബന്ധന ചെലവിൽ വലിയ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. (4). 9% നികുതിയുണ്ടായിരുന്ന കേറ്ററിംഗ് മേഖലയുടെ നികുതി 18% ആക്കിയത് ഈ മേഖലയെയും രൂക്ഷപ്രതിസന്ധിയിലാക്കിയിട്ടുണ്ട്. (5). കർഷകന് അവശ്യവസ്തുക്കളായ ഡീസൽ, പെട്രോൾ, മണ്ണെണ്ണ എൻജിനുകൾ, ഇലക്ട്രിക്ക് മോട്ടോർ ഘടകങ്ങൾ എന്നിവയ്ക്ക് 28% ജി.എസ്.ടി ഏർപ്പെടുത്തിയത് കാർഷിക മേഖലയെ പ്രതിസന്ധിയിലേക്ക് നയിക്കുന്നു. (6). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് 18 ശതമാനം ജിഎസ്ടി ഏർപ്പെടുത്തിയത് പ്രാദേശിക സർക്കാരുകളുടെ വികസനപ്രവർത്തനങ്ങളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. (7). വിനോദ നികുതി വരുമാനം നഷ്ടപ്പെടുന്നത് മൂലം പ്രാദേശിക സർക്കാരുകൾ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങാൻ ഇടയുണ്ട്. (8). ജിഎസ്ടിയിൽ നിന്ന് സർക്കാർ അധിക നികുതി വരവാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ആദ്യ മാസം നികുതി വരവിൽ വൻകുറവാണ് ഉണ്ടായിട്ടുള്ളതെന്നും മാധ്യമ റിപ്പോർട്ടുകൾ പറയുന്നു.

രാജ്യം ഒരു കമ്പോളമായി മാറുന്നത് മൂലം ഉൽപ്പാദനം കൂടുതൽ നടക്കുന്ന, വ്യവസായ വികസിതമായ, ഉത്പാദന ചെലവ് കുറഞ്ഞ സംസ്ഥാനങ്ങൾക്ക് സാമ്പത്തിക രംഗത്ത് മുന്നേറ്റവും, ഉൽപ്പാദനരംഗത്ത് പിന്നോക്കമായ സംസ്ഥാനങ്ങൾക്ക് തകർച്ചയും ഉണ്ടാകാൻ സാധ്യതയുണ്ട്. എന്നാൽ ഉയർന്ന ഉൽപ്പാദനചെലവും, വിലയും കാരണം കേരളത്തിന് മറ്റു സംസ്ഥാനങ്ങളിൽ നിന്നു വരുന്ന ഒട്ടനവധി ഉൽപ്പന്നങ്ങളുമായി മത്സരിച്ച് കേരളത്തിലെ വിപണിപോലും പിടിച്ചു നിർത്താൻ കഴിയാതെ തകർച്ചയിലേക്ക് നീങ്ങാൻ സാധ്യതയുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ വിലയിലുള്ള നാളികേരത്തിന്റെയും, വെളിച്ചെണ്ണയുടെയും വരവ് കേരള വിപണിയുടെ തകർച്ചയ്ക്കും, നാളികേര കൃഷിയെയും അനുബന്ധ വ്യവസായങ്ങളെയും പ്രതികൂലമായി ബാധിക്കും. അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വരുന്ന ഇറച്ചികോഴിക്ക് ഏർപ്പെടുത്തിയിരുന്ന 14.5% വാറ്റ് നികുതി ഇല്ലാതാവുന്നതോടെ സംസ്ഥാനത്തെ കോഴി കർഷകർ വലിയ തകർച്ച നേരിടേണ്ടി വരും. രാജ്യം ഒറ്റ കമ്പോളമാകുന്നതോടെ സംസ്ഥാന ചെറുകിടവ്യവസായങ്ങൾക്ക് കടുത്ത മത്സരം നേരിടേണ്ടിവരും. വേതന ചെലവും, മറ്റ് ഉത്പാദന ചെലവും ഉയർന്നത് മൂലം മറ്റു സംസ്ഥാനങ്ങളിലെ ഉൽപ്പന്നങ്ങളുമായി മത്സരിയ്ക്കാൻ കഴിയാതെ പല വ്യവസായ യൂണിറ്റുകളുടെയും നിലനിൽപ്പ് അപകടത്തിലാകും.

ചുരുക്കത്തിൽ ജി.എസ്.ടി മൂലം പ്രതീക്ഷിച്ച നേട്ടങ്ങൾ ഈ കഴിഞ്ഞ ഒരുമാസത്തിനിടെ സംസ്ഥാനത്തിന് നേടാൻ കഴിഞ്ഞിട്ടില്ല. ഒരു ഉപഭോക്തസംസ്ഥാനം എന്ന നിലയിൽ സംസ്ഥാനത്തിന് ജി.എസ്.ടി മൂലം നേട്ടമുണ്ട്. ജി.എസ്.ടി നടപ്പിലാക്കി തുടങ്ങുമ്പോയുള്ള അവ്യക്തതയും, പ്രശ്നങ്ങളും പരിഹരിക്കപ്പെടുമ്പോൾ ഈ സ്ഥിതിയിൽ കുറെ മാറ്റം ഉണ്ടാകാൻ സാധ്യതയുണ്ട്.

(അഞ്ചാം സംസ്ഥാന ധനകാര്യകമ്മിഷൻ അധ്യക്ഷനായിരുന്നു ലേഖകൻ)